PUTHUR PANCHAYAT

445. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പുത്തൂർ പഞ്ചായത്തിൽ ൧൧൨൧-ൽ കെട്ടേണ്ട ചിറകൾക്കുള്ള ടെണ്ടർ വിളി നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ അതു ആർ നടത്തി; എവിടെവെച്ചു;

(ബി) ഇതിനെ സംബന്ധിച്ചു് പഞ്ചായത്തു പ്രസിഡണ്ടിന്റെ വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ തുടർന്ന എന്തു ചെയ്തു;

(സി) പിന്നീട ആർക്കെങ്കിലും കൺട്രാക്ട് കൊടുക്കുകയുണ്ടായോ; ആർക്കാണ് കൊടുത്തതു്; ആരു കൊടുത്തു; പഞ്ചായത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ചു് വീണ്ടും പഞ്ചായത്തു പ്രസിഡണ്ടിന്റെ വല്ല എഴുത്തുകളും കിട്ടുകയുണ്ടായൊ; അവയുടെ പകർപ്പ് മേശപ്പുറത്തു വെക്കുമോ?

റാവു സാഹിബ് സി. ജെ. മാത്യു:

(എ) വേനൽ ചിറകൾ ടെണ്ടർ നടത്തുന്നതിന്നു പഞ്ചായത്തു ഓവർസിയർ ലേലദിവസം പുത്തൂർ പഞ്ചായത്താപ്പീസ്സിൽ ചെല്ലുകയും അന്നേദിവസം ലേലം വിളിക്കുന്നതിന്നു ആരുംതന്നെ ഉണ്ടാകാഞ്ഞതിനാൽ ലേലം നടത്തുകയും ഉണ്ടായില്ല.

(ബി) പഞ്ചായത്തു് പ്രസിഡണ്ടിന്റെ ആക്ഷേപം കിട്ടുകയും അന്വേഷണം നടത്തുകയും ചെയ്തു.

(സി) ചിറസംരക്ഷണപണി എം. ചുമ്മാർ എന്നാളെ ഡിപ്പാർട്ടുമെന്റിൽനിന്നും കരാർ ഏല്പിച്ചു. ടി കാര്യത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടുണ്ടു്.

(ഡ) ഇതിനെ സംബന്ധിച്ചു പഞ്ചായത്തു് പ്രസിഡണ്ടിന്റെ എഴുത്തുകൾ കിട്ടിയിട്ടുണ്ടു്. ൧൧൨൧ വൃശ്ചികം ൩൦-ാംനു കിട്ടിയ രണ്ടു എഴുത്തുകളുടേയും ൧൧൨൧ മീനം ൨൭-ാംനു കിട്ടിയ ഒരു എഴുത്തിന്റെയും പകർപ്പുകൾ മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഉത്തരം 'എ'യിൽ "ഓവർസിയർ ലേലദിവസം പുത്തൂർ പഞ്ചായത്താപ്പീസ്സിൽ ചെല്ലുകയും അന്നേദിവസം ലേലംവിളിക്കുന്നതിന്നു ആരുംതന്നെ ഉണ്ടാകാഞ്ഞതിനാൽ ലേലംനടത്തുകയും ഉണ്ടായില്ല" എന്നുപറഞ്ഞിട്ടുണ്ടു്. അതിന്നു ശേഷം പരസ്യമായി ലേലം വിളിക്കാതെ ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ എന്നാണു് ചോദ്യം.

റാവുസാഹിബ് സി. ജെ. മാത്യു: ലേലദിവസം ഓവർസീയർ സ്ഥലത്തുചെന്നു. ലേലം വിളിക്കുവാൻ സ്ഥലത്തു ആരും വന്നില്ല. അതുകൊണ്ടു് അദ്ദേഹം മടങ്ങിപ്പോന്നു. പിന്നീടു് പഞ്ചായത്തുകാർ ൩൦൦ ക. ക്കു് ആ പണിനടത്താമെന്നുപറഞ്ഞു. അങ്ങിനെയിരിക്കെയാണു് ൪൫൦ ക. ക്കു ഒരാൾസമ്മതിച്ചുവന്നതു്. ആ വിവരം പഞ്ചായത്തുകാരോടുപറഞ്ഞു് അയാൾക്കുതന്നെ കൊടുത്തു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ൪൫൦ ക. ക്കു് കൊടുക്കുവാൻ വിരോധമില്ലെന്നുപഞ്ചായത്തുകാർ പറഞ്ഞിട്ടുണ്ടോ?

റാവുസാഹിബ് സി. ജെ. മാത്യു: സമ്മതിച്ചുകൊണ്ടു് അവർ എഴുതി അയച്ചിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പഞ്ചായത്തു് ഓവർസീയർ പഞ്ചായത്താപ്പീസ്സിൽ ചെല്ലുകയും ലേലം നടത്തുകയും ഉണ്ടായില്ല എന്നുപറഞ്ഞിരിക്കുന്നു. അദ്ദേഹം ചെന്നിട്ടില്ലേ?

റാവുസാഹിബ് സി. ജെ. മാത്യു: ചെന്നു; ലേലം വിളിക്കാൻ ആരുമില്ലാത്തതുകൊണ്ടു് മടങ്ങിപ്പോന്നു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: പഞ്ചായത്തിൽനിന്നും പ്രസിഡണ്ടു് അയച്ച ആക്ഷേപത്തെക്കുറിച്ചു് വല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

Rao Sahib C. J. Mathew *(Secretary to Government)*: Yes.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിന്നുശേഷം ൪൫൦ ക. ക്കു് ടെൻഡർ സ്ഥിരപ്പെടുത്തിയോ?

റാവുസാഹിബ് സി. ജെ. മാത്യു: സ്ഥിരിപ്പെടുത്തി.

CHALAKRUDI IRRIGATION SCHEME

446. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ദിവാൻജി അവർകളുടെ കഴിഞ്ഞ ബഡ്ജറ്റ പ്രസംഗത്തിൽ ചാലക്കുടി സ്കീം അടുത്ത ഏതാനും ആണ്ടുകളുള്ളിൽ ആരംഭിക്കുമെന്നു വാഗ്ദാനംചെയ്തു "Chalakkudi Irrigation

Scheme" എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്;

(ബി) ഇനി എത്രമാസംകൊണ്ട് ഈ പണി പൂർത്തിയാവും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) "ചാലക്കുടി ഇറിഗേഷൻ സ്കീം" പണിതുടങ്ങുന്നതിന്നു പ്രാരംഭമായി തിരുവിതാംകൂർ ഗവമ്മെണ്ടുമായി ഒരു ഉടമ്പടി ചെയ്യേണ്ടതുണ്ട്. ഈ കാര്യം എഴുത്തുകുത്തിൽ ഇരിക്കുകയാണ്.

(ബി) പണിയാരംഭിച്ച് ൪ കൊല്ലംകൊണ്ട് പൂർത്തിയാവുന്നതാണ്.

മിസ്റ്റർ പി. കെ. പോൾ: പണി ആരംഭിച്ചാൽ ൪ കൊല്ലംകൊണ്ടു പൂർത്തിയാകുമെന്നുപറഞ്ഞു. പണി ആരംഭിക്കുവാൻ അഞ്ചുകൊല്ലം വേണ്ടിവരുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉടനെ ആരംഭിക്കുവാനുംമതി, കുറച്ചുദീർഘിക്കുവാനുംമതി വേറെ ഒരു ഗവമ്മെണ്ടിനോടുകൂടി ആലോചിക്കേണ്ടതുണ്ട്.

മിസ്റ്റർ. പി. മാണി: എന്നാണ് ഇതിന്റെ ഇൻവസ്റ്റിഗേഷൻ നടത്തിയതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: രണ്ടുമൂന്നുകൊല്ലം മുമ്പാണ്.

Mr. P. Mani *(Kanayannur)*: In which year was the investigation carried out?

Mr. V. K. Aravindaksha Menon *(Chief Engineer)*: 2 years ago.

മിസ്റ്റർ പി. ശങ്കരമേനോൻ: എത്രായിരം ഉറുപ്പിക ഇൻവസ്റ്റിഗേഷന്നുവേണ്ടി ചിലവായിട്ടുണ്ട്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ പി. മാണി: രണ്ടുമൂന്നുകൊല്ലമായിട്ടും തിരുവിതാംകൂർ ഗവമ്മെണ്ടുമായി എഗ്രിമെണ്ടുചെയ്യുവാൻ സാധിച്ചിട്ടില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മുഴുവൻ ആയികഴിഞ്ഞില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എഴുത്തുകുത്തുനടത്തി കാലം വൈകിക്കാതെ ഗവമ്മെണ്ടിന്റെ പ്രതിനിധിയായി ഒരാൾ തിരുവിതാംകൂടിലേക്കുപോയാൽ കാര്യങ്ങൾ വേഗത്തിൽ ശരിപ്പെടുകയില്ലെ?

Mr. V. K. Aravindaksha Menon *(Chief Engineer)*: That method also has been adopted.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഒരു പന്തീരാണ്ടിന്നുള്ളിൽ ഇതുനടത്തുവാൻ സാധിക്കുമെന്നുപ്രതീക്ഷിക്കാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കഴിയുന്നതും വേഗത്തിൽ നടത്തുവൻ ശ്രമിക്കുന്നുണ്ട്.

മിസ്റ്റർ പി. മാണി: തിരുവിതാംകൂർ ഗവമ്മെണ്ടുമായി ഒരുടമ്പടികൂടാതെ ഈ പണി നടത്തുവാൻ വല്ല മാർഗ്ഗവുമുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിതു്: ഇതിന്റെ പണി ഇന്നപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്നു പറയാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ കാര്യത്തിൽ, തീർച്ചയായിട്ടു ഇന്നപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്നു പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. മാണി: ഇൻവസ്റ്റിഗേഷൻ നടത്തുമ്പോൾതന്നെ തിരുവിതാംകൂർ ഗവമ്മെണ്ടുമായി ഒരു ഉടമ്പടിവേണമെന്നു ഗവമ്മെണ്ടിന്നു അറിയാമായിരുന്നില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അന്നുതന്നെ അറിയാം. പിന്നെയും അതിൽ പല സംഗതികളെ പറ്റിയും ആലോചിക്കുവാനുണ്ടായിരുന്നു.

മിസ്റ്റർ വി. ആർ കൃഷ്ണനെഴുത്തച്ഛൻ: കൊച്ചിഗവമ്മെണ്ടിന്റെ ഒരു പ്രതിനിധി തിരുവിതാംകൂറിലേക്കുപോയിട്ടുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എന്നിട്ട് എന്താണ് തീർച്ചയാക്കിയത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പലകാര്യങ്ങളും തീർച്ചയാക്കീട്ടുണ്ട്. അതിന്റെ അവസാനതീർപ്പ് കഴിഞ്ഞിരുന്നില്ല.

Mr. S. P. Luiz *(Nominated)*: May I know, Sir, what are these final points?

Mr. V. K. Aravindaksha Menon *(Chief Engineer):* There are a series of things and I cannot say off-hand, these things at question time.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: തിരുവിതാംകൂർ ഗവർമ്മെണ്ടുമായി നടത്തിയ എഴുത്തുകുത്തിൽ ഫെബ്രുവരി ൨൮-ാംനു- വെള്ളംതരുവാൻ സാധിക്കുമെന്നുപറഞ്ഞിട്ടുള്ളതു ശരിയാണൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ സംഗതികളെപററി കൂടുതലായി ഈ സമയത്തു് ഇവിടെ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ ജോസ് കെ വർഗ്ഗീസ്സ്: ഈ ഒരു ഗവർമ്മെണ്ടിനോടു് ചോദിക്കാൻവേണ്ടിയുള്ള താമസമല്ലെ? ഇങ്ങിനെ താമസിപ്പിച്ചുകൊണ്ടുപോയാൽ നമ്മുടെ ആവശ്യം നടക്കുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ വക കാര്യങ്ങളിൽ കുറച്ചു താമസം നേരിടുന്നതാണു്. കഴിയുന്നതും കാര്യങ്ങൾ അവസാനിപ്പാൻ നോക്കുന്നുണ്ടു്.

Mr. P. K. Paul *(Chalakkudi):* Will the Government be pleased to expedite the correspondence and see that this kind of work is given priority since Chalakkudi river is the only river in the State with a perennial water supply?

Mr. V. K. Aravindaksha Menon *(Chief Engineer):* I do not catch the question.

SEA EROSION—CHELLANAM-MANASSERI

447. ചൌധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി നൽകുമോ.—

(എ) ചെല്ലാനം മുതൽ മാനാശ്ശേരിവരെയുള്ള തീരപ്രദേശങ്ങൾ കടലാക്രമണത്തിൽനിന്നും രക്ഷപ്പെടുത്തുവാൻ ഇക്കൊല്ലം എന്തെല്ലാം നടപടികൾ എടുത്തു്;

(ബി) ഇക്കൊല്ലവും കടലാക്രമണംകൊണ്ടു പലേടത്തും നാശനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു് ഗവർമ്മെണ്ടിന്നറിയാമോ;

(സി) അതിന്നു നിവാരണമാർഗ്ഗങ്ങൾ എന്തെങ്കിലും എടുത്തുവോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ചെല്ലാനം മുതൽ മാനാശ്ശേരിവരെയുള്ള തീരപ്രദേശങ്ങൾ കടലാക്രമണത്തിൽനിന്നും രക്ഷിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കി. അതുപ്രകാരം പണികൾ ധൃതഗതിയിൽ നടന്നുവരുന്നുണ്ടു്. ഈ കൊല്ലം ചെല്ലാനത്തു മൂന്നും, അണ്ടിക്കടവിൽ ആറും, മാനാശ്ശേരിയിൽ ഒന്നും ഗ്രോയിൻ പണികഴിഞ്ഞിട്ടുണ്ടു്. ൯൪൩൬ യൂണിററ കരിങ്കല്ലു ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടു്.

(ബി) ഉവ്വു്.

(സി) ഉവ്വു്. കടലാക്രമണംകൊണ്ടു് അപകടത്തിലാകുമെന്നുകണ്ടു് വീടുകളും മററും രക്ഷിക്കുവാനായി ഇപ്പോഴുള്ള കൽച്ചിറകളുടെ ഇടയിൽ ഒഴിഞ്ഞു കിടക്കുന്ന ഭാഗങ്ങൾ കൽച്ചിറകൾകൊണ്ടുതന്നെ നികത്തുവാനും കൽച്ചിറകളുടെ മുൻഭാഗം കേടുപാടുകൾ തീർത്തു് ൨ അടികൂടി ഉയർത്തുവാനും ഉള്ള അടിയന്തിരപണികൾ നടത്തിവരുന്നുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഉത്തരം 'സി'യിൽ പറയുന്ന പ്രകാരമുള്ള പണികളെല്ലാം എത്രത്തോളം മുഴമിപ്പിച്ചിട്ടുണ്ടെന്നു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കേടുപാടുകളുള്ളതെല്ലാം തീർത്തു. രണ്ടടികൂടി ഉയർത്തുവാനുള്ള പണി ഇപ്പോൾ നടത്തിവരുന്നുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ചെല്ലാനത്തു മൂന്നു ഗ്രോയിൻസുണ്ടു് എന്നു പറഞ്ഞു. അതിൽ ൭൦൦ അടിനീളമുള്ള ഏററവും വലിയ ഗ്രോയിന്റെ നടുഭാഗം മുഴവൻ കടലിൽ ഒലിച്ചുപോയിട്ടുണ്ടെന്നു അറിയാമോ?

മിസ്റ്റർ. വി. കെ. അരവിന്ദാക്ഷമേനോൻ: ചില്ലറയായിട്ടു ചില കേടുകളുണ്ടെന്നു കേട്ടിട്ടുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതന്വേഷിച്ചിട്ടു ശരിയാണെന്നു കണ്ടാൽ വേണ്ട സംരക്ഷണപണി നടത്താമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നടത്താം.